Draft #5 of File 41429/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 02-Dec-2021 06:41 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>**സംഗ്രഹം**</u>

സ്വയംഭരണ കോളേജുകളിൽ നിന്നും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്/മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ സർവ്വകലാശാലയുടെ അനുമതിക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും തുടർന്ന് അനുമതി ലഭ്യമായതിനുശേഷം സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും തീരുമാനിച്ചുകൊണ്ട് കുട്ടിക്കാനം മരിയൻ കോളേജിന്റെ അപേക്ഷയിൽ പുറപ്പെടുവിച്ച ഉത്തരവ് എല്ലാ സ്വയംഭരണ കോളേജുകൾക്കും ബാധകമാക്കികൊണ്ടുള്ള ഉത്തരവ് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6639/AC B 7/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2021

---

*പരാമർശം:*-1) 27/10/2021-ലെ 5640/ACB7/2021/എം.ജി.യു.നമ്പർ ഉത്തരവ്
2) 12.11.2021-ലെ 6020/ACB7/2021/എം.ജി.യുനമ്പർ ഉത്തരവ്
3) 20/11/2021- ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം ഒ.എ. 55/21.05/41429/EI38 SO/2020

<u>**ഉത്തരവ്**</u>

സർവ്വകലാശാല ആക്ട് 1985 അധ്യായം IX-ലെ വ്യവസ്ഥകൾക്ക് ഭേദഗതി വരുത്തി സംസ്ഥാന സർക്കാർ 01/03/2021-ൽ പുറപ്പെടുവിച്ച ഓർഡിനൻസിലെ സെക്ഷൻ 114 (V)-ലെ വ്യവസ്ഥ പ്രകാരം സ്വയംഭരണ കോളേജായ എറണാകുളം സെൻ.ആല്ബർട്സ് കോളേജ് പ്രിൻസിപ്പൽ ടി കോളേജിൽ പഠനം പൂർത്തിയാക്കിയ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. സമാന ആവശ്യം ഉന്നയിച്ച് സ്വയംഭരണ കോളേജായ കുട്ടിക്കാനം മരിയൻ കോളേജ് സമർപ്പിച്ച അപേക്ഷ 06/10/2021-ലെ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ & അപ്പ്രൂവൽ) പരിഗണിക്കുകയും, പ്രൊവിഷണൽ/മൈഗ്രേഷൻ സാക്ഷ്യപത്രങ്ങൾ കോളേജിൽ നിന്നും വിതരണം ചെയ്യുന്നതിന് അനുവാദം നൽകുന്നതിന് സർവ്വകലാശാലയുടെ അനുമതിക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും തുടർന്ന് സർവ്വകലാശാലയുടെ അനുമതി ലഭ്യമായതിനുശേഷം മാത്രം പ്രൊവിഷണൽ/മൈഗ്രേഷൻ സാക്ഷ്യപത്രങ്ങൾ കോളേജിൽ നിന്നും നൽകുന്നതിനും ശിപാർശ ചെയ്തു. ടി ശിപാർശ അംഗീകരിച്ചുകൊണ്ട് പരാമർശം-1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സ്വയംഭരണ കോളേജുകളിൽ നിന്നും പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്/മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ സർവ്വകലാശാലയുടെ അനുമതിക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും തുടർന്ന് അനുമതി ലഭ്യമായതിനുശേഷം സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും തീരുമാനിച്ചുകൊണ്ട് കുട്ടിക്കാനം മരിയൻ കോളേജിന്റെ അപേക്ഷയിൽ പുറപ്പെടുവിച്ച പരാമർശം-1 ഉത്തരവ് സെന്റ് ആല്ബെർട്സ് കോളേജ് അടക്കമുള്ള എല്ലാ സ്വയംഭരണ കോളേജുകൾക്കും ബാധകമാക്കി പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്/മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് അനുമതി നൽകി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു. വൈസ് ചാൻസലർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹു.വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.11.2021 -ലെ 6020/ACB7/2021/എം.ജി.യുനമ്പർ ഉത്തരവും പരാമർശം-3 പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
4. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
5. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
6. ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
7. പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യൂ.എ.സി.
8. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39 സെക്ഷൻ
9. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 41429/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 02-Dec-2021 06:41 AM - Page 2